# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 144 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| | സ്ത്രീ ശാക്തീകരണ മിഷൻ | |
| | ചോദ്യം | ഉത്തരം |
| ശ്രീ. സി. പി. മുഹമ്മദ്<br>,, ഷാഫി പറമ്പിൽ<br>,, ലൂഡിലൂയിസ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സ്ത്രീ ശാക്തീകരണത്തിനായി മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സ്ത്രീകളുടെ സർവ്വതോന്മുഖമായ ഉന്നമനവും സംരക്ഷണവും ലക്ഷ്യമാക്കികൊണ്ട് കേന്ദ്രസർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ദേശീയ സ്ത്രീശാക്തീകരണ മിഷൻ അതോറിറ്റിയുടെയും (NMA) ദേശീയ സ്ത്രീശാക്തീകരണ വിഭവകേന്ദ്രത്തിന്റെയും (NRCW) സംസ്ഥാനതല കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിനെ തുടർന്ന് സംസ്ഥാനതല സ്ത്രീ ശാക്തീകരണ മിഷൻ അതോറിറ്റി (SMA) രൂപീകരിച്ചുകൊണ്ടും സംസ്ഥാനതല വിഭവകേന്ദ്രമായി (SRCW) 'കുടുംബശ്രീയെ' ചുമതലപ്പെടുത്തികൊണ്ടും ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) ദേശീയ സ്ത്രീശാക്തീകരണ നയത്തിന്റെ ഭാഗമായി സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക, വിദ്യഭ്യാസ ഉന്നമനവും അവരുടെ സരക്ഷണവും ഉറപ്പാക്കി അവരെ മുഖ്യധാര വികസന പ്രകിയയുടെ ഭാഗമാക്കി മാറ്റുകയെന്നതാണ് ഈ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും പദ്ധതികളും പരിപാടികളും ഏകോപിപ്പിച്ചുകൊണ്ട് മേൽപറഞ്ഞ എല്ലാ മണ്ഡലങ്ങളിലും സ്ത്രീശാക്തീകരണം നേടുവാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ മന്ത്രാലയങ്ങളും വകുപ്പുകളും സ്ത്രീകൾക്കായി എത്രമാത്രം തുക ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതോടൊപ്പം സ്ത്രീകളെ |

<table>
<tr><td></td><td></td><td>സംബന്ധിക്കുന്ന സാമൂഹിക നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും മിഷൻ ലക്ഷ്യമിടുന്നു.</td></tr>
<tr><td>(സി)</td><td>സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിലെ ശാക്തീകരണത്തിന് മിഷന്റെ പ്രവർത്തനം എങ്ങനെപ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്, വിശദമാക്കുമോ;</td><td rowspan="2">(സി) & (ഡി) സ്ത്രീകളുടെയും പെൺകുട്ടികളുടെയും ഉന്നമനത്തിനും സുരക്ഷയ്ക്കുമായി പ്രവർത്തിച്ചുവരുന്നതും ഇതിനായി ഫണ്ട് വകയിരുത്തി ചെലവഴിച്ചുവരുന്നതുമായ വിവിധ സർക്കാർ വകുപ്പുകളെയും ടി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളെയും ഒരു കുടക്കീഴിൽ സമന്വയിപ്പിച്ച് സമഗ്രമായ ഒരു കേന്ദ്രീകൃത പ്രവർത്തനപദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കുവാനാണ് മിഷൻ ഉദ്ദേശിക്കുന്നത്. ഈ മിഷന്റെ പ്രാരംഭ ശില്പശാലകളും, ആലോചനാപദ്ധതികളും, പരിശീലന പദ്ധതികളും ദേശീയതലത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പരിപാടികളിൽ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും വിശദമായ പ്രവർത്തനരൂപരേഖ തയ്യാറാക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നതിനും സംസ്ഥാനതലത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിലുള്ള പ്രസ്തുത മിഷന്റെ വ്യക്തമായ രൂപരേഖ , സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി മിഷന്റെ പ്രവർത്തനം സംസ്ഥാനത്ത് ത്വരിതപ്പെടുത്താൻ കഴിയുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നു വ്യക്തമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ